കവർസ്റ്റോറി ●
മുഹമ്മദ് പാലത്ത്



# ദാരിദ്ര്യ നിർമാർജനത്തിന് സൂക്ഷ്മ വായ്പാ പ്രസ്ഥാനങ്ങൾ

**ലോകചരിത്രത്തിന്റെ** ഒരു ഘട്ടത്തിലും ജനസമൂഹം സാമ്പത്തിക സമത്വം കൈവരിച്ച കാലമുണ്ടായിരുന്നില്ല. ഒരു വിഭാഗം അവർക്കാവശ്യമുള്ളതിലധികം ധനം സ്വന്തമായി കൈവശമുള്ളവരും മറുവിഭാഗം ആവശ്യങ്ങൾ നിവൃത്തിക്കാൻ പണം തികയാത്തവരും തന്നെയായിരുന്നു. ധനമുള്ളവരിൽനിന്ന് ധനം ഇല്ലാത്തവരിലേക്ക് ഒഴുക്കുന്നതിനും സംരംഭകർക്ക് അത് ലഭ്യമാക്കി ഉൽപാദനക്ഷമമാക്കുന്നതിനുമുള്ള വിവിധ രീതികൾ വിവിധ കാലങ്ങളിൽ വികാസം പ്രാപിച്ചിരുന്നു. ദാരിദ്ര്യ നിർമാർജനം, തൊഴിൽ സൃഷ്ടിച്ച് സാമ്പത്തിക സന്തുലിതത്വം എന്നിവ കൈവരിക്കുന്നതിനുള്ള മാർഗമായി പണമിടപാട് സ്ഥാപനങ്ങൾ നിലനിന്നു. ആധുനിക ബാങ്കുകളുടെ ധർമങ്ങൾ പലതും നിർവഹിച്ചിരുന്ന ഇത്തരം സ്ഥാപനങ്ങൾ മിക്ക കാലഘട്ടങ്ങളിലും പലിശരഹിതവും സാമൂഹികക്ഷേമം മാത്രം ലക്ഷ്യം വെച്ചുള്ളതുമായിരുന്നു.

ആധുനിക രീതിയിലുള്ള ബാങ്കുകളുടെ തുടക്കം 15-ാം നൂറ്റാണ്ടിനു ശേഷം ഇംഗ്ലണ്ട്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലാണ്. പണം മിച്ചമുള്ളവരിൽനിന്ന് സംഭരിച്ച് ആവശ്യക്കാർക്ക് നൽകി നിശ്ചിത ശതമാനം പലിശ ഈടാക്കുന്ന രീതിയിലായിരുന്നു ഇവയുടെ പ്രവർത്തനം. യൂറോപ്യൻ സാമ്രാജ്യത്വ കോളനി ശക്തികൾ ലോകമെങ്ങും എത്തിയപ്പോൾ, ഇത്തരം ബാങ്കുകളും അവരോടൊപ്പം ഏതാണ്ടെല്ലാ രാജ്യങ്ങളിലുമെത്തി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സാമ്രാജ്യത്വ കോളനിവത്കരണത്തോടൊപ്പം പലിശാധിഷ്ഠിത ബാങ്കുകളും ലോകത്തിന്റെ ഭാഗമായി. അങ്ങനെ ബാങ്ക് എന്നാൽ പലിശാധിഷ്ഠിത ബാങ്ക് മാത്രമായി. യഥാർഥത്തിൽ സാമ്രാജ്യത്വത്തിന്റെയും മുതലാളിത്തത്തിന്റെയും ചൂഷണോപാധികൾ മാത്രമായിരുന്നു ഈ ബാങ്കുകൾ.

കോളനിവാഴ്ചക്കു ശേഷം നിലവിൽവന്ന ജനാധിപത്യ രാഷ്ട്ര

പ്രവാചകന്റെ കാലം മുതൽ, ഇസ്‌ലാമിക ചരിത്രത്തിലുടനീളം സാമ്പത്തിക സന്തുലിതത്വം കൈവരിക്കുന്നതിനും വളർച്ച നേടുന്നതിനുമുള്ള വിവിധ സാമ്പത്തിക ഇടപാടു രീതികൾ പരീക്ഷിക്കപ്പെടുകയുണ്ടായി. എന്നാൽ പാശ്ചാത്യ കോളനിവത്കരണവും ഇസ്‌ലാമിക നാഗരികതയുടെ പിന്നോട്ടടിയും ഈ സാമ്പത്തിക സംരംഭങ്ങളെ തകർത്തു കളഞ്ഞു.

ങ്ങളും ഈ ബാങ്കിംഗ് രീതി തന്നെയാണ് പിന്തുടർന്നത്. പിന്നീട്, ദേശസാത്കരണത്തിലൂടെ മിക്ക രാഷ്ട്രങ്ങളും ബാങ്കിംഗിന്റെ ലക്ഷ്യം ദാരിദ്ര്യ നിർമാർജനം, തൊഴിൽ സൃഷ്ടിപ്പ്, വ്യാവസായിക-കാർഷിക വളർച്ച തുടങ്ങിയവയായിരിക്കണമെന്ന് നിജപ്പെടുത്തിയെങ്കിലും, പലിശാധിഷ്ഠിത രീതികളാണ് ആ സ്ഥാപനങ്ങൾ പിന്തുടർന്നത് എന്നതുകൊണ്ടു തന്നെ, ഈ പദ്ധതികൾ മിക്കതും പരാജയമായിരുന്നു. ദരിദ്രരിൽനിന്ന് സമ്പന്നരിലേക്ക് ഒഴുകുന്നതിനുള്ള ഔദ്യോഗിക ഏജൻസികളായി അവ മാറി. അതിനാൽതന്നെ ജനങ്ങളിൽ പകുതിയിലധികവും ബാങ്കുകളെ സമീപിക്കാതെ അകന്നുനിന്നു.

ബാങ്കുകളിൽനിന്ന് ജനങ്ങൾ അകലാനുള്ള കാരണങ്ങൾ പലതാണ്. ഈടായി നൽകാൻ വസ്തുക്കൾ കൈവശമില്ലാത്തതാണ് ഒരു കാരണം. ബാങ്കുകൾ പിന്തുടരുന്ന സങ്കീർണമായ ഔദ്യോഗിക ചിട്ടവട്ടങ്ങൾ, ബാങ്കുകൾക്ക് ചെറു വായ്പകളോടുള്ള താൽപര്യമില്ലായ്മ എന്നിങ്ങനെ വേറെയും കാരണങ്ങളുണ്ട്.

സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്കും ബാങ്കിംഗ് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1970-കളിൽ സൂക്ഷ്മ വായ്പാ സ്ഥാപനങ്ങൾ (Micro Financing Institutions) ആരംഭിച്ചത്. തൊഴിൽ സൃഷ്ടിപ്പും ദാരിദ്ര്യ നിർമാർജനവും സാധ്യമാക്കി സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരുന്നു ലക്ഷ്യം. ബാങ്കുകളും സൂക്ഷ്മ വായ്പാ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ താഴെ ചേർക്കുന്നു:

| ബാങ്ക് | സൂക്ഷ്മ സാമ്പത്തിക സ്ഥാപനം |
|---|---|
| 1. ലക്ഷ്യം പരമാവധി ലാഭം | 1. ലക്ഷ്യം സാമൂഹിക സാമ്പത്തിക വികസനം |
| 2. സമ്പാദകർക്കും നിക്ഷേപകർക്കും ഇടയിൽ ഏജന്റായി പ്രവർത്തിക്കുന്നു | 2. ഫണ്ട് സ്വരൂപിക്കുന്നത് പ്രധാനമായും സമൂഹത്തിൽനിന്ന് |
| 3. പ്രവർത്തന മൂലധനം സമ്പാദ്യം സ്വരൂപിച്ചുകൊണ്ട് | 3. ഉപഭോക്താക്കളുടെ നിക്ഷേപം/ സമ്പാദ്യം വളരെ കുറവ് |
| 4. വായ്പ പണയ വസ്തുവിന്മേൽ മാത്രം | 4. പണയ വസ്തു ഇല്ലെങ്കിലും പണം ലഭിക്കാൻ സംവിധാനം |
| 5. ഇടപാടുകാർ താരതമ്യേന സമ്പന്നർ | 5. ഇടപാടുകാർ മുഴുവനും ദരിദ്രർ |
| 6. ഇടപാടുകാർ ബാങ്കിലേക്ക് | 6. ബാങ്ക് ഇടപാടുകാരിലേക്ക് |
| 7. ലോൺ തുക വളരെ കൂടുതൽ | 7. ചെറുകടങ്ങൾ മാത്രം |
| 8. ഇടപാടുകാർ മിക്കവരും പുരുഷന്മാർ | 8. 90 ശതമാനവും സ്ത്രീകൾ |
| 9. തിരിച്ചടവ് കാലാവധി തീരുമ്പോൾ | 9. തിരിച്ചടവ് ക്രമാനുഗതമായി ആഴ്ചയിലോ മാസത്തിലോ |

1970-കളിൽ ആരംഭിച്ച സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങൾ എൺപതുകളിലും തൊണ്ണൂറുകളിലും ലോകത്തിന്റെ മിക്ക രാജ്യങ്ങളിലുമെത്തി. മുതലാളിത്ത ശക്തികൾ ചൂഷണത്തിനുള്ള മറ്റൊരായുധമായി പലിശാധിഷ്ഠിത സൂക്ഷ്മ വായ്പാ പ്രസ്ഥാനത്തെ ഉപയോഗപ്പെടുത്താനാരംഭിച്ചു. 1997-ൽ ഐ.എം.എഫ് സൂക്ഷ്മ വായ്പാ സ്ഥാപനങ്ങളുടെ ഉച്ചകോടി (Micro Finance Summit) സംഘടിപ്പിച്ചതോടെ അംഗീകൃത ഫൈനാൻസിംഗ് രീതിയായി ഇതിനെയും ലോകം അംഗീകരിച്ചു.

## ഇസ്‌ലാമിക് ബാങ്കുകളും മൈക്രോ ഫൈനാൻസും

ഇസ്‌ലാം അതിന്റെ ആരംഭകാലത്തുതന്നെ വിവിധ രീതിയിലുള്ള പണമിടപാടുകളെ പ്രോത്സാഹിപ്പിച്ചിരുന്നു. ധനം കെട്ടിക്കിടക്കുന്നതിനു പകരം കറങ്ങി നടന്നാലേ വളർച്ചയും വികസനവും സാധ്യമാവൂ എന്നതിനാലാണിത്. പ്രവാചകന്റെ കാലം മുതൽ, ഇസ്‌ലാമിക ചരിത്രത്തിലുടനീളം സാമ്പത്തിക സന്തുലിതത്വം കൈവരിക്കുന്നതിനും വളർച്ച നേടുന്നതിനുമുള്ള വിവിധ സാമ്പത്തിക ഇടപാടു രീതികൾ പരീക്ഷിക്കപ്പെടുകയുണ്ടായി. എന്നാൽ പാശ്ചാത്യ കോളനിവത്കരണവും ഇസ്‌ലാമിക നാഗരികതയുടെ പിന്നോട്ടടിയും ഈ സാമ്പത്തിക സംരംഭങ്ങളെ തകർത്തു കളഞ്ഞു.

1970-കളിലാണ് ആധുനിക രീതിയിലുള്ള ഇസ്‌ലാമിക് ബാങ്കുകളുടെ തുടക്കം. പലിശാധിഷ്ഠിത ഇടപാടുകൾക്കു പകരം പങ്കാളിത്ത രീതിയിലുള്ള, വികസനോന്മുഖമായ ഇസ്‌ലാമിക ഫൈനാൻസിംഗ് രീതികൾക്ക് വൻ

> ഇസ്‌ലാമിക ചിന്തകർ സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങളെ ഇസ്‌ലാമിക മൂശയിൽ വാർത്തെടുത്തുകൊണ്ട്, അവയുടെ നിരവധി ശാഖകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു. പാർശ്വവത്കരിക്കപ്പെട്ട ദരിദ്രരായ ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനുള്ള വായ്പകൾ ലഭ്യമാക്കുന്നത് ഇന്ന് ഏറെക്കുറെ ഇസ്‌ലാമിക മൈക്രോ ഫൈനാൻസിംഗ് സ്ഥാപനങ്ങൾ മാത്രമാണ്.

സ്വീകാര്യതയാണ് ലഭിച്ചത്. ഇസ്‌ലാമിക ചിന്തകർ സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങളെ ഇസ്‌ലാമിക മൂശയിൽ വാർത്തെടുത്തുകൊണ്ട്, അവയുടെ നിരവധി ശാഖകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു. പാർശ്വവത്കരിക്കപ്പെട്ട ദരിദ്രരായ ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനുള്ള വായ്പകൾ ലഭ്യമാക്കുന്നത് ഇന്ന് ഏറെക്കുറെ ഇസ്‌ലാമിക മൈക്രോ ഫൈനാൻസിംഗ് സ്ഥാപനങ്ങൾ മാത്രമാണ്. ഇസ്‌ലാമിക സൂക്ഷ്മ വായ്പാ സംരംഭങ്ങളുടെ ലക്ഷ്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ദാരിദ്ര്യ നിർമാർജനം
2. തൊഴിൽ സൃഷ്ടിപ്പ്
3. ഉൽപാദന വർധന
4. സാമൂഹിക ധാർമിക വികസനം.

പ്രധാനമായും അഞ്ച് രീതിയിലുള്ള സൂക്ഷ്മ വായ്പാ സ്ഥാപനങ്ങൾ ലോകത്ത് പ്രവർത്തിക്കുന്നു.

### 1. സ്വയം സഹായ സംഘങ്ങൾ

സൂക്ഷ്മ വായ്പാ പ്രസ്ഥാനങ്ങൾക്ക് ഈ രീതി പരിചയപ്പെടുത്തിയത് പ്രധാനമായും ഡോ. മുഹമ്മദ് യൂനുസിന്റെ പലിശാധിഷ്ഠിത സ്ഥാപനമായ ബംഗ്ലാദേശ് ഗ്രാമീൺ ബാങ്ക് ആണ്. ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണയോടെ നടന്നുവരുന്ന ഇസ്‌ലാമിക് ബാങ്ക് ഇതേ രീതിയിൽ വിജയകരമായി പ്രവർത്തിക്കുന്നു. ഏതാണ്ട് 58



രാജ്യങ്ങളാണ് ഈ മാതൃക പിന്തുടരുന്നത്. ഇന്ത്യയിൽ പാരമ്പര്യ പലിശാധിഷ്ഠിത മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സംഘങ്ങളുണ്ട്.

ഏതാണ്ട് ഒരേ സാമ്പത്തിക ശ്രേണിയിലുള്ള 5 മുതൽ 20 വരെ അംഗങ്ങൾ ചേർന്നതാണ് ഒരു സ്വയം സഹായ സംഘം. അംഗങ്ങളുടെ എണ്ണം അന്തിമമായി തീരുമാനിക്കുന്നതും സംഘത്തിന് പ്രവർത്തനാംഗീകാരം നൽകുന്നതും സ്പോൺസർ ചെയ്യുന്ന സ്ഥാപനമാണ്. ഏതാനും സംഘങ്ങൾ ചേർന്ന് ഒരു കേന്ദ്രം (centre) രൂപവത്കരിക്കുന്നു. സംഘാംഗങ്ങൾ ആഴ്ചയിൽ ഒത്തുചേർന്ന് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തുകയും ചെയ്യുന്നു. ക്രയവിക്രയങ്ങൾ നടത്തുന്നതിന് ചുമതല കേന്ദ്രത്തിൽനിന്നുള്ള ഒരു ഉദ്യോഗസ്ഥനാവും. പരമ്പരാഗത സ്ഥാപനങ്ങൾ വനിതകൾക്ക് മാത്രം വായ്പ അനുവദിക്കുമ്പോൾ, ഇസ്ലാമിക സ്ഥാപനങ്ങൾ കുടുംബനാഥൻ കൂടി ഒപ്പിട്ടതിനു ശേഷമേ വായ്പ അനുവദിക്കുന്നുള്ളൂ. അംഗങ്ങളുടെ പരസ്പര ജാമ്യം, പരസ്പര സഹകരണ മനോഭാവം, ഇസ്ലാമിക മൂല്യങ്ങൾ എന്നിവയാണ് വായ്പകളുടെ തിരിച്ചടവ് ഉറപ്പാക്കുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്കാണ് മിക്കവാറും വായ്പകൾ അനുവദിക്കുന്നത്.

### 2. എൻ.ജി.ഒ മാതൃക

സാമൂഹിക ക്ഷേമം ലക്ഷ്യമാക്കി സർക്കാർ നിയമങ്ങൾക്കനുസൃതമായി രജിസ്റ്റർ ചെയ്ത ഏജൻസികളാണ് സർക്കാരിതര സന്നദ്ധ സംഘടനകൾ അഥവാ എൻ.ജി.ഒകൾ. ദേശീയ, അന്തർദേശീയ തലത്തിൽ രജിസ്റ്റർ ചെയ്ത ലക്ഷക്കണക്കിന് എൻ.ജി.ഒകൾ സാമ്പത്തിക മേഖലയിൽ തന്നെ പ്രവർത്തിക്കുന്നു. ഇസ്ലാമിക എൻ.ജി.ഒകൾ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതും വിനിമയം ചെയ്യുന്നതും ഇസ്ലാമിക സാമ്പത്തിക രീതികൾക്കനുസരിച്ചായിരിക്കും. സ്വയം സഹായ സംഘങ്ങൾ വഴിയും ഓഫീസുകളിൽനിന്ന് നേരിട്ടും വായ്പ നൽകുന്ന രീതി നിലവിലുണ്ട്. സംവിധാനങ്ങളും ജാമ്യ വ്യവസ്ഥകളും അതത് എൻ.ജി.ഒകൾ തീരുമാനിക്കുന്നു.

> ഇസ്ലാമിക സൂക്ഷ്മ വായ്പാ സ്ഥാപനങ്ങൾ പലിശാധിഷ്ഠിത സ്ഥാപനങ്ങളെക്കാൾ ഉൽപാദനക്ഷമമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രരിൽ ദരിദ്രരായവർക്ക് ഗുണഫലമെത്തിക്കാൻ ഇസ്ലാമിക സ്ഥാപനങ്ങൾക്കേ സാധിച്ചിട്ടുള്ളൂ എന്ന് ഈയിടെ ഹാർവാർഡ് യൂനിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെടുകയുണ്ടായി.

അഫ്ഗാനിസ്താൻ, സുഡാൻ, താജിക്കിസ്താൻ, പാകിസ്താൻ, താൻസാനിയ, ഇന്തോനേഷ്യ തുടങ്ങി നിരവധി രാഷ്ട്രങ്ങളിൽ ഇസ്ലാമിക് എൻ.ജി.ഒകൾ സജീവ സാന്നിധ്യമാണ്. അഫ്ഗാനിസ്താനിൽ ഇസ്ലാമിക് സൂക്ഷ്മ വായ്പാ ഏജൻസിയായ FINCA (Foundation for International Community Assistance) രാജ്യത്ത് രണ്ടാം സ്ഥാനത്തു നിൽക്കുന്നു. സുഡാനിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒകളിൽ പ്രധാനപ്പെട്ടത് PASED (Pert Sudan Association for small enterprise devpt.) ആണ്. കാർഷിക-ചെറുകിട ഉൽപാദന മേഖലകളിലാണ് ദരിദ്ര്യ രാജ്യമായ സുഡാനിലെ മിക്ക എൻ.ജി.ഒകളും ശ്രദ്ധയൂന്നുന്നത്. പാകിസ്താനിൽ വനിതകൾക്ക് മാത്രം കടം നൽകുന്ന 1996-ൽ രൂപവത്കരിച്ച Kashf Foundation Lahore ആണ് പ്രധാന എൻ.ജി.ഒ. ഇവ 140 അമേരിക്കൻ ഡോളറിന് തുല്യമായ തുക കടമായി നൽകുന്നു. ആഗാഖാൻ റൂറൽ സപ്പോർട്ട് പ്രോഗ്രാം, ഉഖ്വത്, ഇസ്ലാമിക് റിലീഫ് റാവൽപിണ്ടി തുടങ്ങിയവ സൂക്ഷ്മ വയ്പാ രംഗത്ത് പ്രവർത്തിക്കുന്ന പാകിസ്താനിലെ പ്രമുഖ എൻ.ജി.ഒകളാണ്. യമനിലെ ഹുദൈദ മൈക്രോ ഫൈനാൻസിംഗ് സ്ഥാപനവും എടുത്തു പറയാവുന്നതാണ്.

### 3. സഹകരണ മേഖല

സഹകരണ മേഖലയിൽ ഇസ്ലാമിക സൂക്ഷ്മ വായ്പാ പദ്ധതികൾ ആദ്യമായി തുടങ്ങിയത് ഇന്ത്യയിലാണ്. 1938-ൽ സൂററ്റിൽ രജിസ്റ്റർ ചെയ്ത പട്ണി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇന്നും വിജയകരമായി പ്രവർത്തിക്കുന്നു. ഏതാണ്ട് 75 ഇസ്ലാമിക സഹകരണ സ്ഥാപനങ്ങൾ ഇന്ത്യയിൽ സൂക്ഷ്മ വായ്പാ രംഗത്ത് പ്രവർത്തിക്കുന്നു. ബൈത്തുന്നസ്ർ മുംബൈ, AICMEUS മുംബൈ തുടങ്ങിയവ പ്രമുഖ സ്ഥാപനങ്ങളാണ്. ഇന്ത്യയിൽ നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും യോജിച്ച ഇസ്ലാമിക് ഫൈനാൻസിംഗ് രീതിയാണിത്. എന്നാൽ ലോകതലത്തിൽ ചുരുക്കം രാജ്യങ്ങളേ ഈ രീതി പിന്തുടരുന്നുള്ളൂ. ഇന്തോനേഷ്യയിൽ സൂനാമി

യിൽ തകർന്ന ആചേ മേഖലയിൽ 76 ഇസ്‌ലാമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

## 4. ബാങ്കിംഗ് മാതൃക

മിക്ക ഇസ്‌ലാമിക് ബാങ്കുകൾക്കും സൂക്ഷ്മ വായ്പാ സംരംഭങ്ങളുണ്ട്. കാർഷിക വികസനം, സ്വയം തൊഴിൽ, ചെറുകിട സംരംഭങ്ങൾ, സാമൂഹിക വികസന പദ്ധതികൾ എന്നിവക്ക് പണം ലഭ്യമാക്കുന്നത് ഇത്തരം സൂക്ഷ്മ വായ്പാ രീതികളിലൂടെയാണ്. മിക്ക ബാങ്കുകളും ഈ രംഗത്ത് കൂടുതൽ നിക്ഷേപമിറക്കാനുള്ള ഒരുക്കത്തിലുമാണ്. പ്രമുഖ ഇസ്‌ലാമിക ബാങ്കായ HSBC അമാന ലിമിറ്റഡ്, പാകിസ്താനിലെ ഇസ്‌ലാമിക റിലീഫുമായി സഹകരിച്ച് റാവൽപിണ്ടിയിൽ ഇസ്‌ലാമിക് മൈക്രോ ഫൈനാൻസ് സ്ഥാപനം ആരംഭിക്കാൻ ധാരണയിലെത്തുകയുണ്ടായി.

## 5. കമ്പനി മാതൃക

ഫൈനാൻസിംഗ് കമ്പനി മാതൃകയാണ് മറ്റൊരു രീതി. സർക്കാർ, അർധ സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നിർണിത ലക്ഷ്യങ്ങളോടു കൂടിയ ബാങ്കിതര ഫൈനാൻസിംഗ് കമ്പനികൾ രൂപവത്കരിച്ച് രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് രജിസ്റ്റർ ചെയ്യുന്നു. ഇന്ത്യയിൽ നിരവധി ബാങ്കിതര ഫൈനാൻസിംഗ് കമ്പനികൾ ഇസ്‌ലാമിക മാതൃകയിൽ പ്രവർത്തിച്ചിരുന്നെങ്കിലും, ഏതാനും വർഷങ്ങൾക്കകം പലതും തകരുകയായിരുന്നു. സർക്കാർ നിയന്ത്രണങ്ങൾ കർക്കശമാക്കിയതായിരുന്നു മുഖ്യ കാരണം. എന്നിട്ടും ചുവടുറപ്പിച്ച ചില സ്ഥാപനങ്ങളിൽ പ്രധാനമാണ് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന എ.ഐ.സി.എൽ. വിവിധ രീതികളിലൂടെ നിക്ഷേപം സ്വീകരിച്ച് നേരിട്ട് സംരംഭങ്ങളിൽ നിക്ഷേപിച്ച് ഉൽപാദനത്തിൽ പങ്കാളിയാവുകയാണ് ഈ സ്ഥാപനങ്ങൾ ചെയ്യുന്നത്. ലാഭനഷ്ടങ്ങൾ പങ്കുവെക്കുകയും ഓഹരി ഉടമകൾക്ക് ഡിവിഡന്റ് നൽകുകയും ചെയ്യുന്നു. മൂലധനം കുറവായതിനാൽ ചെറുകിട സംരംഭകരുമായാണ് മിക്ക ഇടപാടുകളും.

## ഫൈനാൻസിംഗ് രീതികൾ

ഇസ്‌ലാമിക സൂക്ഷ്മ വായ്പാ സ്ഥാപനങ്ങൾ പലിശാധിഷ്ഠിത സ്ഥാപനങ്ങളെക്കാൾ ഉൽപാദനക്ഷമമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രരിൽ ദരിദ്രരായവർക്ക് ഗുണഫലമെത്തിക്കാൻ ഇസ്‌ലാമിക സ്ഥാപനങ്ങൾക്കേ സാധിച്ചിട്ടുള്ളൂ എന്ന് ഈയിടെ ഹാർവാർഡ് യൂനിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെടുകയുണ്ടായി.

പലിശയടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇസ്‌ലാമിക സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങൾ പങ്കാളിത്ത രീതികളെയാണ് ആശ്രയിക്കുന്നത്. പ്രധാന ഫൈനാൻസിംഗ് രീതികൾ ഇവയാണ്:

1. ഖർദ് ഹസൻ (പലിശരഹിത കടങ്ങൾ)
2. ശാരിക (പങ്കാളിത്ത കരാറുകൾ)
3. മുആവദ (വിനിമയ കരാറുകൾ)

വിനിമയ രംഗത്ത് നിരവധി പുതു രീതികൾ നിലവിലുണ്ട്. പ്രധാനമായും മൂന്ന് രീതികളാണ് സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങൾ ഉപയോഗിക്കുന്നത്.

1. ബൈഅ് മുഅജ്ജൽ (Deferred sale)
2. മുറാബഹ (Mark up)
3. ഇജാറ (വാടക കരാറുകൾ)

## ഫണ്ടുകളുടെ സ്രോതസ്സ്

പലിശാധിഷ്ഠിത സ്ഥാപനങ്ങൾ ജനങ്ങളിൽനിന്ന് പലിശയടിസ്ഥാനത്തിൽ നിക്ഷേപം സ്വീകരിച്ചാണ് മുഖ്യമായും ഫണ്ടുകൾ കണ്ടെത്തുന്നത്. ഇസ്‌ലാമിക സ്ഥാപനങ്ങൾ മുഖ്യമായും അഞ്ച് സ്രോതസ്സുകളെ ആശ്രയിക്കുന്നു.

1. വഖ്ഫ്. 2. ചാരിറ്റീസ് 3. സംഭാവന 4. ലഘുസമ്പാദ്യങ്ങൾ 5. സർക്കാർ സഹായങ്ങൾ.

ഇസ്‌ലാമിക സൂക്ഷ്മ വായ്പാ സ്ഥാപനങ്ങൾ പലിശാധിഷ്ഠിത സ്ഥാപനങ്ങളെക്കാൾ ഉൽപാദനക്ഷമമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രരിൽ ദരിദ്രരായവർക്ക് ഗുണഫലമെത്തിക്കാൻ ഇസ്‌ലാമിക സ്ഥാപനങ്ങൾക്കേ സാധിച്ചിട്ടുള്ളൂ എന്ന് ഈയിടെ ഹാർവാർഡ് യൂനിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെടുകയുണ്ടായി. ദരിദ്രരെ പലിശക്കെണിയിലും കടക്കെണിയിലും പെടുത്തി ചൂഷണം ചെയ്യുകയാണ് പലിശാധിഷ്ഠിത സൂക്ഷ്മ സാമ്പത്തിക സ്ഥാപനങ്ങളെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സജീവമായ ആന്ധ്രപ്രദേശിൽ, സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരങ്ങളും വാങ്ങിയ വായ്പ തിരിച്ചുപിടിക്കാനുള്ള സമ്മർദങ്ങളും മറ്റും വൻ ക്രമസമാധാന പ്രശ്നമായി മാറിയ സംഭവങ്ങൾ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇസ്‌ലാമിക സ്ഥാപനങ്ങൾ ഇസ്‌ലാമിക മൂല്യങ്ങൾ കൂടി ഉൾക്കൊള്ളിച്ച് സൂക്ഷ്മ വായ്പാരംഗം ഏറെ കാര്യക്ഷമമാക്കുന്നു.

ഇസ്‌ലാമിക സൂക്ഷ്മ വായ്പാ സ്ഥാപനങ്ങളുടെ പ്രത്യേകതകൾ താഴെ ചേർക്കുന്നു:

1. പ്രവർത്തന രീതി

- ഉപഭോക്താക്കളെ നേരിട്ട് സമീപിക്കുന്നു.
- തിരിച്ചടവ് ആഴ്ചയിലും മാസത്തിലും
- സാമൂഹിക ധാർമിക വികസന പദ്ധതികൾ

2. പ്രത്യേകതകൾ:

- ഫണ്ട് ബാഹ്യ ഏജൻസികൾ, സകാത്ത്, വഖ്ഫ് എന്നിവ വഴി
- ഇസ്‌ലാമിക രീതികളായ മുറാബഹ, സലം, ഇജാറ, മുശാറക, മുദാറബ തുടങ്ങിയ രീതിയിൽ ധനവിനിമയം
- പണം പരമദരിദ്രരിലേക്ക് എത്തുന്നു
- അംഗങ്ങൾക്കിടയിൽ സഹകരണം
- പരമദരിദ്രർക്ക് സകാത്ത് വഴി സഹായം
- സാമൂഹിക വികസന പദ്ധതികൾ
- കുടുംബത്തിന് ഊന്നൽ
- തിരിച്ചടവ് ഉറപ്പാക്കാൻ ഇസ്‌ലാമിക രീതികൾ ■

mohdpalath@gmail.com